## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 589. 08.07.2014 ൽ മറുപടിയ്ക്ക്.

ഷെയർ ടാക്സി - ഓട്ടോ സംവിധാനം

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ്<br>,, പി. എ. മാധവൻ<br>,, വി.ടി. ബൽറാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഷെയർ ടാക്സി - ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഷെയർ ടാക്സി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ; | (ബി) | പൊതു ഗതാഗത സംവിധാനങ്ങൾ അപര്യാപ്തമായ സ്ഥലങ്ങളിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഷെയർ ടാക്സി - ഓട്ടോ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മാർക്കറ്റ്, ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ ജനങ്ങൾ കൂടുതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ ഈ സംവിധാനം പ്രയോജനപ്പെടുത്താമെന്നു കരുതുന്നു. യാത്രാച്ചെലവ് കുറയ്ക്കുന്നത് കൂടാതെ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും അതുമൂലം കാർബൺ എമിഷൻ കുറയ്ക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (സി) | സംസ്ഥാനത്ത് ഷെയർ ടാക്സി ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിന് ജസ്റ്റിസ് (റിട്ടയേർഡ്) എം. രാമചന്ദ്രൻ കമ്മിറ്റിയെ 17.11.12 ലെ സർക്കാർ ഉത്തരവ് 933/ബി2/2012/ട്രാൻസ്. പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റിയുടെ 27.06.2013-ലെ റിപ്പോർട്ട് 06/07/2013 ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇതു പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.